(സി&ഡി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 16 യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇപ്രകാരം ട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ട്. 50% മീറ്റർ റീഡർമാരുടെ ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി പ്രൊമോഷന് റിസർവ് ചെയ്യുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് കേരള വാട്ടർ അതോറിറ്റി സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

39 (3980) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിലവിലുള്ള സർവ്വീസ് എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ ബിരുദധാരികൾക്ക് ക്ലറിക്കൽ തസ്തികയിൽ പ്രൊമോഷൻ നൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം ഒഴിവുകളാണ് ആയതിനായി നീക്കി വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി എത്ര ശതമാനം ഒഴിവുകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നാളിതുവരെ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇപ്രകാരം പ്രൊമോഷൻ നൽകി മീറ്റർ റീഡർമാരായും ക്ലാർക്കുമാരായും നിയമനം നൽകി എന്ന് പറയാമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള വ്യവസ്ഥപ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 5:1 എന്ന അനുപാതത്തിൽ ഗ്രേഡ്-2-ൽ നിന്നും ഗ്രേഡ്-1 ആയി പ്രൊമോഷന് വ്യവസ്ഥയുണ്ട്. കൂടാതെ ഡ്രൈവർ, മീറ്റർ റീഡർ, ബ്ലൂ പ്രിന്റർ, ടെലിഫോൺ ഓപ്പറേറ്റർ, ബൈൻഡർ, കെയർ ടേക്കർ തുടങ്ങിയ തസ്തികകളിലേക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ പ്രൊമോഷന് വ്യവസ്ഥയുണ്ട്.

(ബി) നിലവിൽ വ്യവസ്ഥയില്ല.

(സി) കേരള വാട്ടർ അതോറിറ്റിയുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ പത്ത് ശതമാനം എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് വേക്കൻസികൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നീക്കി വയ്ക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വേണ്ട ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതും നിലവിലുള്ളതുമായ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ 16 പേരെ മീറ്റർ റീഡർമാരായി. നിയമിച്ചിട്ടുണ്ട്. ക്ലാർക്കുമാരായി ആരെയും നിയമിച്ചിട്ടില്ല.

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി

40 (3981) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് നിലവിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ നിലവിലുള്ളത് ;

(സി) നിലവിൽ ഒഴിവുള്ള തസ്തികയിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനുള്ള നടപടി

41 (3982) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനും പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പുതുതായി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly